"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീമതി.ഉഷ.സി.എസ് എന്നവർ ഫയൽ ചെയ്ത 374/2025 E നമ്പർ പരാതിയിന്മേൽ ബഹു.കേരള ലോകായുക്ത 29.09.2025 തിയതിയിൽ പുറപ്പെടുവിച്ച ഉത്തരവിലെ നിർദ്ദേശം പാലിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2956/2025/LSGD തീയതി,തിരുവനന്തപുരം, 15-12-2025

---

പരാമർശം:-

1. സമൃദ്ധി ന്യൂട്രിമിക്സ് യൂണിറ്റ് ഭാരവാഹികൾ 12.10.2023 തിയതിയിൽ സർക്കാരിൽ സമർപ്പിച്ച അപേക്ഷ.
2. വനിതാ ശിശുവികസന (ബി) വകുപ്പിന്റെ 04/09/2024 -ലെ WCD-B1/344/2023-WCD നം കത്ത്.
3. ശ്രീമതി.ഉഷ.സി.എസ് എന്നവർ ഫയൽ ചെയ്ത 374/2025 E നമ്പർ പരാതിയിന്മേൽ ബഹു.കേരള ലോകായുക്ത 29.09.2025 തിയതിയിൽ പുറപ്പെടുവിച്ച ഉത്തരവ്.

**ഉത്തരവ്**

ഇടുക്കി അയ്യപ്പൻ കോവിൽ ഗ്രാമപഞ്ചായത്തിൽ 2021 സെപ്റ്റംബർ മുതൽ 2022 മാർച്ച് വരെ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന്റെയും പോഷകാഹാര കിറ്റുകളുടേയും വിലയായ 10,40,545/- രൂപ ലഭിച്ചിട്ടില്ലെന്നും ടി കാലയളവിലെ ICDS സൂപ്പർവൈസർ അയ്യപ്പൻ കോവിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ഭരണാനുമതി വാങ്ങാത്തതിനാലാണ് തുക ലഭിക്കാത്തതെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചു കൊണ്ട് ഇടുക്കി സമൃദ്ധി ന്യൂട്രിമിക്സ് യൂണിറ്റ് ഭാരവാഹികൾ പരാമർശം (1) പ്രകാരം സർക്കാരിനോട് അപേക്ഷിച്ചിരുന്നു. സമൃദ്ധി ന്യൂട്രിമിക്സിൽ നിന്നും ലഭ്യമാക്കിയ ഭക്ഷ്യവസ്തുക്കൾ ഗുണഭോക്താക്കൾക്ക് നൽകിയിരിക്കുന്ന സാഹചര്യത്തിലും അങ്കണവാടികളിലെ ഭക്ഷണവിതരണം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയുള്ള വിഷയമായതിനാലും ടി സ്ഥാപനത്തിന് അയ്യപ്പൻ കോവിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും പ്രസ്തുത തുക മാറി നൽകുന്നതിന് ഇടുക്കി ICDS പ്രോഗ്രാം ഓഫീസർ ശിപാർശ ചെയ്തിട്ടുണ്ടെന്ന് പരാമർശം (2) പ്രകാരം സമൃദ്ധി ന്യൂട്രിമിക്സ് യൂണിറ്റ് ഭാരവാഹികളെ വനിതാ ശിശു വികസന വകുപ്പിൽ നിന്നും അറിയിച്ചിരുന്നു.

2. എന്നാൽ, അയ്യപ്പൻ കോവിൽ ഗ്രാമപഞ്ചായത്തിൽ നിന്നും തുക ലഭ്യമാകാത്തതിനെത്തുടർന്ന് ഇതേ ആവശ്യം ഉന്നയിച്ചു കൊണ്ട് ടി യൂണിറ്റ് ഭാരവാഹികൾ സമർപ്പിച്ച 374/2025 E നം ഹർജിയിലെ 29.09.25-ലെ ഉത്തരവിൽ, രണ്ടാം എതിർ കക്ഷിയായ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി രണ്ട് മാസത്തിനകം, ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ട് പ്രശ്നപരിഹാരം കണ്ടെത്തേണ്ടതാണെന്ന് ബഹു.കേരളാ ലോകായുക്ത പരാമർശം (3) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

3. ബഹു.കേരളാ ലോകായുക്തയുടെ ഉത്തരവിന്റെ വെളിച്ചത്തിൽ, അയ്യപ്പൻ കോവിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, സമൃദ്ധി ന്യൂട്രിമിക്സ് യൂണിറ്റ് പ്രതിനിധികൾ, 3 ഉം 4 ഉം എതിർ

കക്ഷികൾ ആയ പ്രോഗ്രാം ഓഫീസർ, ICDS സെൽ, തൊടുപുഴ, ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ, ICDS, കട്ടപ്പന, പ്രോഗ്രാം ഓഫീസർ കുടുബശ്രീ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസിൽ നിന്നുള്ള പ്രതിനിധി എന്നിവരെ 28.10.2025-ൽ നേരിൽ കേൾക്കുകയുണ്ടായി.

4. ഐ.സി.ഡി.എസ് ഇടുക്കി ജില്ലാ പ്രോഗ്രാം ഓഫീസർ, കട്ടപ്പന സി.ഡി.പി.ഒ, ഐ.സി.ഡി.എസ് സുപ്പർവൈസർ എന്നിവരുടെ നിർദ്ദേശപ്രകാരമാണ് 2021 സെപ്റ്റംബർ മുതൽ 2022 മാർച്ച് വരെ പോഷകാഹാര കിറ്റ് അങ്കണവാടികളിൽ വിതരണം ചെയ്തിട്ടുള്ളതെന്നും, വനിതാ-ശിശു വികസന വകുപ്പിൽ നിന്നും, ഹർജി കക്ഷിക്ക് തുക നൽകുന്നതിന് നിർദ്ദേശം നൽകിയെങ്കിലും ഗ്രാമപഞ്ചായത്ത് തുക അനുവദിക്കുന്നില്ലെന്നും ആകയാൽ തങ്ങൾക്ക് ലഭിക്കേണ്ടതായ തുക അടിയന്തരമായി നൽകുന്നതിന് നടപടിയുണ്ടാകണമെന്നും സമൃദ്ധി ന്യൂട്രിമിക്സ് യൂണിറ്റിന് വേണ്ടി ഹാജരായ പ്രതിനിധി ആവശ്യപ്പെട്ടു.

5. 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ICDS സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥനായി അങ്കണവാടി പോഷകാഹാര വിതരണത്തിനായി വികസന ഫണ്ട് (ജനറൽ) 5 ലക്ഷം രൂപയും, കേന്ദ്രാവിഷ്കൃത ഫണ്ട് 23,00,000 രൂപയും ചേർത്ത് ആകെ 28,00,000 രൂപ അങ്കണവാടി പോഷകാഹാരം (ജനറൽ) (പ്രൊജക്റ്റ് നം. 12) ഉം വികസന ഫണ്ട് (എസ് സി പി) 2 ലക്ഷം രൂപ വകയിരുത്തി അങ്കണവാടി പോഷകാഹാരം (എസ് സി പി) (പ്രൊജക്റ്റ് നം. 13) ഉം എറ്റെടുത്ത് ഡിപിസി അംഗീകാരം ലഭിച്ചിരുന്നു എന്നും ഭരണസമിതി , ജില്ലാ ആസൂത്രണ സമിതി എന്നിവയുടെ അംഗീകാരമില്ലാതെ വാങ്ങിയ സാമഗ്രികളുടെ തുക സർക്കാർ സാധൂകരണം ലഭിക്കുകയാണെങ്കിൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകുന്നതിന് അയ്യപ്പൻ കോവിൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതി 28.10.2023-ൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടെന്നും അയ്യപ്പൻ കോവിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഹിയറിങ്ങ് വേളയിൽ അറിയിച്ചിട്ടുണ്ട്. ഭരണസമിതി തീരുമാനം, ജില്ലാ ആസൂത്രണസമിതി അംഗീകാരം എന്നിവയുടെ അടിസ്ഥാനത്തിലുള്ള പ്രോജക്റ്റിന്റെ അടങ്കലിലും ഉയർന്ന ഭീമമായ തുക നൽകുന്നതിന് മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്തതിനാലാണ് തുക നൽകാതിരുന്നതെന്നും 2021-22 ന് മുമ്പോ ശേഷമോ ഉള്ള കാലയളവിൽ ഇത്രയും ഭീമമായ ചെലവ് അങ്കണവാടി പോഷകാഹാര പദ്ധതിയിൽ വന്നിട്ടില്ലെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

6. കോവിഡ് കാലമായതിനാൽ വനിതാ ശിശുവികസന ഡയറക്ടറുടെ 05.05.2021 ലെ സർക്കുലർ പ്രകാരം അർഹതയുള്ള എല്ലാ കുട്ടികൾക്കും അമൃതം ന്യൂട്രിമിക്സ് വീട്ടിൽ എത്തിച്ച് നൽകിയിരുന്നുവെന്നും, കോവിഡാനന്തര കാലയളവിൽ ആവശ്യക്കാർക്ക് മാത്രമാണ് നൽകി വരുന്നതെന്നും അക്കാരണത്താലാണ് തുക പ്രോജക്റ്റിന്റെ അടങ്കലിനെക്കാൾ കൂടിയത് എന്നും വനിതാ ശിശു വികസന വകുപ്പ് പ്രതിനിധികൾ അറിയിച്ചു.

7. ICDS പദ്ധതിയുടെ ഭാഗമായി 6 മാസം മുതൽ 3 വയസ് വരെയുള്ള കുട്ടികൾക്ക് Take Home Ration Scheme പദ്ധതിയിലൂടെ അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന പോഷകാഹാരമാണ് അമൃതം ന്യൂട്രിമിക്സ് എന്നും 2019 മുതൽ അയ്യപ്പൻ കോവിൽ ഗ്രാമപഞ്ചായത്തിൽ ആയത് വിതരണം ചെയ്യുന്നതായും 2021 സെപ്തംബർ മുതൽ 2022 മാർച്ച് വരെയുള്ള കാലയളവിൽ ICDS സൂപ്പർവൈസറായി പ്രവർത്തിച്ചിരുന്ന ഉദ്യോഗസ്ഥ ഫണ്ടിൻറെ അപര്യാപ്തത പഞ്ചായത്തിനെ അറിയിച്ച് ഈ തുകയുടെ ഭരണാനുമതി എടുക്കാത്തതിനാലാണ് ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് തുക ലഭിക്കാത്തതെന്നാണ് മനസിലാക്കുന്നതെന്നും ഹിയറിങ്ങ് വേളയിൽ കുടുംബശ്രീ പ്രതിനിധി അറിയിക്കുകയുണ്ടായി.

8. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു കൂട്ടം സ്ത്രീകൾ സംരംഭകരായുള്ള ഇടുക്കി സമൃദ്ധി ന്യൂട്രിമിക്സ് യൂണിറ്റ് എന്ന സ്ഥാപനം 2021 സെപ്റ്റംബർ മുതൽ 2022 മാർച്ച് വരെ

വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന്റെയും പോഷകാഹാര കിറ്റുകളുടേയും വിലയായ 10,40,545/- രൂപ നാല് വർഷങ്ങൾക്ക് ശേഷവും നൽകിയിട്ടില്ലെന്നത് ഗൗരവകരമായ വിഷയമാണ്. ആയതിനാൽ, സമൃദ്ധി ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും ഇടുക്കി അയ്യപ്പൻ കോവിൽ ഗ്രാമപഞ്ചായത്തിൽ 2021 സെപ്റ്റംബർ മുതൽ 2022 മാർച്ച് വരെ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന്റെയും പോഷകാഹാര കിറ്റുകളുടേയും വിലയായ 10,40,545/- രൂപ (രൂപ പത്തു ലക്ഷത്തി നാല്പതിനായിരത്തി അഞ്ഞൂറ്റി നാല്പത്തിയഞ്ച് മാത്രം) യിൽ ടി യൂണിറ്റിന് അർഹമായ മുഴുവൻ തുകയും പഞ്ചായത്തിൻറെ തനത് ഫണ്ടിൽ നിന്നോ വികസനഫണ്ടിൽ നിന്നോ കണ്ടെത്തി അനുവദിക്കുന്നതിനും അടുത്ത ഡി പി സിയിൽ പദ്ധതി വച്ച് സാധൂകരിക്കുന്നതിനും പഞ്ചായത്തിന് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

8. ഇടുക്കി സമൃദ്ധി ന്യൂട്രിമിക്സ് യൂണിറ്റ് ഭാരവാഹിയായ ശ്രീമതി.ഉഷ.സി.എസ് എന്നവർ ബഹു. കേരള ലോകായുക്ത മുൻപാകെ സമർപ്പിച്ച 374/2025 E നം പരാതിയിലെ 29.09.2025-ലെ ഉത്തരവ് ഇപ്രകാരം പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറി, അയ്യപ്പൻ കോവിൽ ഗ്രാമപഞ്ചായത്ത്, ഇടുക്കി.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്
സമൃദ്ധി ന്യൂട്രിമിക്സ്, ഇടുക്കി (എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
സ്പെഷ്യൽ അറ്റോർണി, കേരള ലോകായുക്ത ( ആമുഖ കത്ത് സഹിതം )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്.
വനിതാ ശിശു വികസന (ബി) വകുപ്പ്
തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/396/2023-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Alex G C
Date: 15-12-2025 14:46:15
സെക്ഷൻ ഓഫീസർ